# വിശ്വജ്യോതി എൻജിനീയറിംഗ് കോളജിന് നാക് അക്രെഡിറ്റേഷൻ

**മൂവാറ്റുപുഴ:** വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളജിന് നാക് അക്രെഡിറ്റേഷൻ ലഭിച്ചു. കേരളത്തിൽ 190ൽ പരം എൻജിനീയറിംഗ് കോളജുകളുള്ളതിൽ 132 എണ്ണവും സ്വകാര്യ സ്വാശ്രയ മേഖലയിലാണ്. അതിൽതന്നെ മുന്നിൽ നിൽക്കുന്ന സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമാണ് വിശ്വജ്യോതി എൻജിനീയറിംഗ് കോളജ്. 2001ൽ കോതമംഗലം രൂപതയുടെ കീഴിൽ ആരംഭിച്ച വിശ്വജ്യോതിയിൽ 2018 മുതൽ ബിടെക് കോഴ്സുകളായ സിവിൽ എൻജിനീയറിംഗ്, കംപ്യൂട്ടർ സയൻസ് ആൻഡ് എൻജിനീയറിംഗ്, ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻ എൻജിനീയറിംഗ്, മെക്കാനിക്കൽ എൻജിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി എന്നീ ബ്രാഞ്ചുകൾക്ക് എൻബിഎ അക്രെഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്.

ഈ ബ്രാഞ്ചുകൾ കൂടാതെ ആർട്ടിഫിഷൽ ഇന്റലിജൻസ് ആൻഡ് ഡേറ്റ സയൻസും കംപ്യൂട്ടർ സയൻസ് ആൻഡ് ഡിസൈൻ, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എൻജിനീയറിംഗ് എന്നീ ബിടെക് കോഴ്സുകളും എംബിഎ, എംടെക് ഉൾപ്പെടെ നാല് പോസ്റ്റ് ഗ്രാജ്വേഷൻ കോഴ്സുകളുമാണ് ഇപ്പോൾ വിശ്വജ്യോതിയിലുള്ളത്. ഫോറിൻ ലാംഗ്വേജ് ഡിവിഷനിൽ ജർമൻ ലാംഗ്വേജ് പഠിപ്പിക്കുന്നതിനായി പ്രത്യേക വിഭാഗമുണ്ട്. പഠനം പൂർത്തിയാക്കുന്ന വിദ്യാർഥികൾക്ക് ജർമനിയിൽ ജോലി ലഭിക്കുന്നതിനായി അവരുടെ ഏജൻസികളുമായി ധാരണാപത്രവും ഒപ്പിട്ടിട്ടുമുണ്ട്. അതിനായി പ്രത്യേകം സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകളും നടത്തിവരുന്നു.

കോളജിന്റെ അക്കാദമിക് മികവ് കൂടാതെ അടിസ്ഥാന സൗകര്യങ്ങൾ, റിസർച്ച് ആൻഡ് ഡെവലപ്മെന്റ്, ഫാബ് ലാബ്, ഐക്യുഎസി, മികവുറ്റ പ്ലെയ്സ്മെന്റ് റിക്കാർഡ്, ഇന്റർനാഷണൽ ഇന്റേൺഷിപ്പ് ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെല്ലിന്റെ പ്രവർത്തനങ്ങൾ, ഡിജിറ്റൽ ലൈബ്രറി, ഹോസ്റ്റൽ സൗകര്യങ്ങൾ, മൂന്നു ജില്ലകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള വിപുലമായ വാഹന സൗകര്യം തുടങ്ങിയവയെയും അക്രെഡിറ്റേഷനെത്തിയ നാക് ടീം പ്രത്യേകം പ്രശംസിക്കുകയുണ്ടായി.

ദീപിക
Fri, 06 May 2022
https://epaper.deepika.com/c/67869508